# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## രക്തസാക്ഷിയായ വിശുദ്ധ ഗീവർഗീസ് സഹദാ



റോമൻ കത്തോലിക്കാസഭ ആംഗ്ലിക്കൻ, ഈസ്റ്റേൺ ഓർത്തഡോക്സ് സഭ, ഈസ്റ്റേൺ കാത്തലിക്ക് ചർച്ച് തുടങ്ങി ലോകം മുഴുവൻ വണങ്ങപ്പെടുന്ന വി.ഗീവർഗ്ഗീസ് സഹദാ, എടത്വായിലെത്തുന്ന ഭക്തലക്ഷങ്ങൾക്ക് എടത്വാപള്ളിയിലെ പുണ്യവാനാണ്. ഇംഗ്ലണ്ട്, എത്യോപ്യാ, ജോർജ്ജിയ , ഗ്രീസ്, പാലസ്തീൻ പോർട്ടുഗീസ് തുടങ്ങിയ നഗരങ്ങളുടെ സംരക്ഷകനുമാണ് വി.ഗീവർഗ്ഗീസ്.

എ.ഡി. 275 നും 285 നും മദ്ധ്യേ പാലസ്തീനായിലെ ലിദിയായിൽ ജനിച്ച വിശുദ്ധന്റെ പിതാവ് ജോർഡിസ് റോമൻ സൈനിക ഉദ്യോഗസ്ഥനായിരുന്നു. മാതാവ് പോളി കോർത്തിയ പാലസ്തീനാക്കാരിയും ഉന്നത ക്രൈസ്തവ പാരമ്പര്യമുള്ള കുടുംബവുമായിരുന്നതിനാൽ തങ്ങളുടെ ഏകമകനെ ഉറച്ച വിശ്വാസപാരമ്പര്യത്തിലാണ് അവർ വളർത്തിയത്. എന്നാൽ 14-◌ാം വയസ്സിൽ പിതാവിനെയും താമസിയാതെ മാതാവിനെയും നഷ്ടപ്പെട്ട ജോർജ്ജ് പിതാവിന്റെ സൈനികസേവനം തുടരുവാൻ തീരുമാനിച്ചു. 20-◌ാമത്തെ വയസ്സിൽ ചക്രവർത്തിയുടെ അംഗരക്ഷക സൈന്യത്തിന്റെ ലീഡറായി ( ട്രിബ്യൂണസ്) തെരഞ്ഞെടുക്കപ്പെട്ട ജോർജ്ജ് ചക്രവർത്തിക്ക് ഏറെ പ്രിയപ്പെട്ടവനായിരുന്നു.

അന്യദേവന്മാർക്കു ധൂപാർപ്പണം നടത്തുവാനും ബലിയർപ്പിക്കുവാനും ചക്രവർത്തി നിർബന്ധിച്ചപ്പോൾ താൻ ക്രിസ്തുവിനെയല്ലാതെ മറ്റാരേയും ആരാധിക്കില്ലെന്ന് വിശുദ്ധൻ തറപ്പിച്ചു പറഞ്ഞു. സമ്പത്തും, വസ്തുക്കളും, അംഗീകാരങ്ങളും നൽകി വിശുദ്ധനെ പ്രീണിപ്പിക്കാൻ ചക്രവർത്തി ശ്രമിച്ചു. പരാജയപ്പെട്ടപ്പോൾ ജോർജ്ജിനെ വധിക്കുവാൻ തീരുമാനിച്ചു. തന്റെ സമ്പത്തു പാവങ്ങൾക്കു നൽകി വിശുദ്ധൻ മരണത്തിനു തയ്യാറായി. പലതരത്തിലുള്ള പീഡനങ്ങൾക്കുശേഷം അനേകം വാളുകൾ ചേർത്ത ചക്രത്തേൽ കറക്കി എ.ഡി. 303 ഏപ്രിൽ 23 ന് നിക്കദോമിയ പട്ടണകവാടത്തിൽവച്ച് ചക്രവർത്തി വിശുദ്ധന്റെ ശിരച്ഛേദനം നടത്തി. ക്രിസ്തുവിലുള്ള അചഞ്ചല വിശ്വാസത്തെ മാറോടുചേർത്ത് രക്തസാക്ഷിത്വം വരിച്ച വി.ഗീവർഗ്ഗീസ് അനേകർക്ക് ആശ്രയമരുളുന്നു.

വിശുദ്ധ ഗീവർഗീസ് സഹദായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ